(6) ചാലാപ്പുറം പുനർ നിർമ്മാണം—115 ലക്ഷം.

(7) ചോലാടി പാലം പുനർ നിർമ്മാണം—135 ലക്ഷം.

(സി, ഡി) ഓരോ വർക്കിനേറയും പ്രത്യേകത കണക്കിലെടുത്ത് അടങ്കൽ തുകയേക്കാൾ കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്. ജോലിയുടെ അടിയന്തിരാവശ്യവും പ്രാധാന്യവും പ്രത്യേകതയും കണക്കിലെടുത്താണ് ഡിപ്പാർട്ട്മെന്റ് എക്സിക്യൂഷൻ പണികൾക്ക് അനുമതി നൽകുന്നത്.

മരാമത്ത് പണികൾ കോട്ടേഷനുകളായി കരാറുകാർക്ക് നൽകിയത്

130 [2309] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, വി. ചെന്താമരാക്ഷൻ:
,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ നാലു വർഷങ്ങളിൽ എത്ര കോടി രൂപയുടെ മരാമത്ത് പണികൾ ടെണ്ടർ വിളിക്കാതെ കോട്ടേഷനുകളായി കരാറുകാർക്ക് നൽകി;

(ബി) നിയമാനുസൃതം പരസ്യം ചെയ്യാതെ കോട്ടേഷനുകൾ നൽകിയതിനുള്ള സാഹചര്യം എന്തായിരുന്നു;

(സി) ഏതെങ്കിലും കോട്ടേഷനുകൾ അടങ്കൽ നിരക്കിനേക്കാൾ കുറച്ച് നൽകിയിട്ടുണ്ടോ;

(ഡി) മത്സര സ്വഭാവത്തിലല്ലാതെ കോട്ടേഷനുകൾ നൽകിയതുമൂലം ഡിപ്പാർട്ടുമെന്റിന് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്?

ഉത്തരം

(എ,ബി) ഇക്കഴിഞ്ഞ നാല് വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പിലെ ദേശീയപാത, പ്രോജക്ട്സ്, കെട്ടിടങ്ങളും തദ്ദേശ ജോലികളും എന്നീ വിഭാഗങ്ങളിൽ ആകെ 38.84 കോടി രൂപയുടെ മരാമത്ത് പണികൾ കോട്ടേഷനുകളായി കരാറുകാർക്ക് നൽകിയിട്ടുണ്ട്. റോഡ്സ് വിഭാഗത്തെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചു വരുന്നു. പണികളുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്തും, ടെണ്ടറിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടിയും, വി. വി ഐ. പി. കളുടെ സന്ദർശനത്തോടനുബന്ധിച്ച് ചെയ്യേണ്ട അറ്റകുറ്റപണികൾക്കായും, അടിയന്തിര ഘട്ടങ്ങളിൽ റോഡിലെ തടസ്സങ്ങൾ നീക്കുന്നതിനും അപകട സാഹചര്യങ്ങളൊഴിവാക്കുന്നതിനും മറ്റും വേണ്ടിയാണ് ഇപ്രകാരം പണികൾ കോട്ടേഷനുകളായി കരാറുകാർക്ക് നൽകിയിട്ടുള്ളത്;

(സി,ഡി) പൊതുമരാമത്ത് ദേശീയപാത, പ്രോജക്ട്സ് എന്നീ വിഭാഗങ്ങളിൽ കോട്ടേഷനുകൾ അടങ്കൽ നിരക്കിനേക്കാൾ കുറച്ച് നൽകിയിട്ടില്ല. കെട്ടിടങ്ങളും തദ്ദേശ ജോലികളും വിഭാഗത്തിൽ ചുരുക്കം ചില കോട്ടേഷനുകൾ അടങ്കൽ തുകയേക്കാൾ കുറഞ്ഞ നിരക്കിൽ നൽകിയിട്ടുണ്ട്. ഈ മൂന്നു വിഭാഗങ്ങളിലും മത്സര സ്വഭാവത്തിലല്ലാത്ത കോട്ടേഷനുകൾ സ്വീകരിച്ചിട്ടില്ല. റോഡുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly